'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കാസർഗോഡ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കാസർഗോഡ് ജില്ലാ ഇൻഷ്വറൻസ് ഓഫീസിന് 2023-26 വർഷത്തേയ്ക്കുള്ള പുതുക്കിയ വാടക കരാറിൽ ഏർപ്പെടുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.4633/2025/ധന** **തീയതി, തിരുവനന്തപുരം, 23-05-2025**

പരാമർശം -
1. 20/06/2022 ലെ സ.ഉ (സാധാ) നം.4489/2022/ധന ഉത്തരവ്
2. കാസർഗോഡ് നഗരസഭാ കൗൺസിലിന്റെ 06/02/2025 തീയതിയിലെ 6/1 തീരുമാനം
3. കാസർഗോഡ് നഗരസഭാ സെക്രട്ടറിയുടെ 15/03/2025 തീയതിയിലെ R42850079/2024 നമ്പർ അറിയിപ്പ്
4. ഇൻഷ്വറൻസ് ഡയറക്ടറുടെ 10/04/2025 തീയതിയിലെ ഇൻഷ്വ/എസ്റ്റാ/ഇ 2/ 8642/2013 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ കാസർഗോഡ് ജില്ലാ ഇൻഷ്വറൻസ് ഓഫീസ് പ്രവർത്തിക്കുന്ന, കാസർഗോഡ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 2021 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ പുതിയ വാടക കരാറിൽ ഏർപ്പെടുന്നതിന് പരാമർശം (1) പ്രകാരം നൽകിയിരുന്ന സർക്കാർ അനുമതി 2023 മാർച്ച് 31 -ന് അവസാനിച്ചിട്ടുണ്ടെന്നും 2023-2024, 2024-2025 എന്നീ സാമ്പത്തിക വർഷം വാടകവർദ്ധനവ് വരുത്തിയിട്ടില്ലെന്ന് സൂചന (2) പ്രകാരവും 2025-26 കാലയളവിലേക്ക് നിലവിലുള്ള വാടകയായ 15125/-രൂപയുടെ 5% വർദ്ധനയോട് കൂടിയ തുകയായ 15,881/- രൂപയും ആയതിന്റെ ജി.എസ്.ടി (18%) തുകയായ 2,859/- രൂപയും ചേർത്ത് ആകെ 18,740/- രൂപ പ്രതിമാസ നിരക്കിൽ വാടക വർദ്ധിപ്പിച്ച് പുതുക്കി നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതായി സൂചന (3) പ്രകാരവും കാസർഗോഡ് നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ 2023-25 കാലയളവിൽ നിലവിലുള്ള നിരക്കിലും 2025-26 കാലയളവിലേയ്ക്ക് പുതുക്കിയ നിരക്കിലും പുതിയ വാടക കരാറിൽ ഏർപ്പെടുന്നതിനുള്ള സർക്കാർ അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

ഇൻഷ്വറൻസ് ഡയറക്ടറുടെ അപേക്ഷ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, യഥാസമയങ്ങളിൽ വാടക കരാർ പുതുക്കേണ്ടതാണെന്നും കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ പരിഷ്കരിച്ച നിരക്കിലുള്ള വാടക ഒടുക്കാവൂ എന്നുമുള്ള നിബന്ധനകൾക്ക വിധേയമായി കാസർഗോഡ് ജില്ലാ ഇൻഷ്വറൻസ് ഓഫീസ് പ്രവർത്തിക്കുന്ന, കാസർഗോഡ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 2023-25 കാലയളവിലെ (01/04/2023 മുതൽ 31/03/2025 വരെയുള്ള) വാടക 20/06/2022 -ലെ സ.ഉ (സാധാ) നം.4489/2022/ധന ഉത്തരവ് പ്രകാരം 2022-23 വർഷത്തേയ്ക്കുള്ള വാടകയായ 17,848/- രൂപ നിരക്കിലും **(15,125/- രൂപയും ആയതിന്റെ ജി.എസ്.ടി (18%) തുകയായ 2,723/- രൂപയും ഉൾപ്പെടെ ആകെ 17,848/- രൂപ)** 01/04/2025 മുതൽ 31/03/2026 വരെ 15125/-രൂപയുടെ 5% വർദ്ധനയോട് കൂടിയ തുകയായ 15,881/- രൂപയും ആയതിന്റെ ജി.എസ്.ടി (18%) തുകയായ 2,859/- രൂപയും ചേർത്ത് ആകെ 18,740/- രൂപ പ്രതിമാസ നിരക്കിൽ വാടക കരാറിൽ ഏർപ്പെടുന്നതിന് ഇൻഷ്വറൻസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ഇൻഷ്വറൻസ് ഓഫീസർ, കാസർഗോഡ് (ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (നം.3131174/എസ്റ്റാ.ഡി 2/52/2025/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ